# രാജശേഖരൻ കണ്ട വെള്ളാനകൾ

സർക്കാരുദ്യോഗസ്ഥർ ഔദ്യോഗിക ജീവിതത്തിലെ ഓർമ്മകൾ പൊതുജനങ്ങളുമായി പങ്ക്വയ്ക്കുന്ന സമ്പ്രദായത്തിന് മലയാളത്തിൽ അരനൂറ്റാണ്ട് പോലും പഴക്കം ഇല്ല. ഐ.സി.എസ്. ഉദ്യോഗസ്ഥർ ഇംഗ്ലീഷിൽ എഴുതിയിട്ടുള്ള പല കൃതികളും ഏറെ പ്രചാരം നേടിയിരുന്നു. കെ.പി. എസ്. മേനോൻ, എസ്.കെ. ചേറ്റൂർ, നൊറോണ തുടങ്ങിയ പേരുകൾ പെട്ടെന്ന് ഓർമ്മ വരുന്നു. മലയാളത്തിൽ ഇങ്ങനെ ഒരു പുസ്തകത്തെപ്പറ്റി ആദ്യം ചിന്തിച്ചത് ഡി. സി. കിഴക്കേമുറി ആയിരുന്നു. കളക്ടറുടെ അഞ്ച് സംവത്സരങ്ങളിൽ നാലും ഒരേ ജില്ലയിൽ ചെലവഴിച്ച ഒരു കളക്ടറുടെ യാത്രയയപ്പുയോഗത്തിലാണ് ഡി. സി. ഈ നിർദ്ദേശം വച്ചത്. യോഗാദ്ധ്യക്ഷനായിരുന്ന മന്ത്രി എം. എൻ. ഗോവിന്ദൻനായർ അത് ശരിവച്ചു. ആ കളക്ടർ അതിന് മുൻപ് തന്നെ രണ്ട് പുസ്തകങ്ങൾ എഴുതിയിരുന്നു എന്നതാവാ ഡി.സി.യെ ഈ നിർദ്ദേശം മുന്നോട്ടു വയ്ക്കാൻ പ്രേരിപ്പിച്ചത്.

ഡി. സി. ബുക്ക്സിന്റെ ഒന്നാം വാർഷികത്തിന് പുറത്തിറങ്ങിയ മൂന്ന് പുസ്തകങ്ങളിൽ ഒന്ന് ആ ഓർമ്മക്കുറിപ്പുകൾ ആയിരുന്നു. കാലം 1976 ജൂൺ. പുസ്തകത്തിന്റെ പേര് 'ഗിരിപർവ്വം'. പത്തു നാല്പത് വർഷം കഴിഞ്ഞ് ആ കൃതിയുടെ രണ്ടാം പതിപ്പ് സാഹിത്യപ്രവർത്തക സംഘം പുറത്തിറക്കിയിട്ടുണ്ട്. നാഷണൽ ബുക്ക് സ്റ്റോൾ എൻ.ബി.എസ്. ഒരു വലിയ ശൃംഖല ആയതിനാൽ വിറ്റു തീർന്നു കാണണം അറിഞ്ഞുകൂടാ.

തോട്ടം രാജശേഖരന്റെ 'ഉദ്യോഗപർവ്വം' ആയിരുന്നു പിന്നെ വന്നത് എന്ന് തോന്നുന്നു. ഗ്രന്ഥകാരന്റെ വ്യക്തിത്വം പ്രതിഫലിപ്പിച്ച ആ രചന അഭിപ്രായഭേദങ്ങൾ ഉണർത്തി. അതിനോടകം പെൻഷൻ പറ്റിയിരുന്നതിനാൽ തോട്ടം ആ സ്വാതന്ത്ര്യം ഉപയോഗിച്ചു എന്ന് തോന്നുന്നു.

ഏതാണ്ട് ഒപ്പം വന്നതാണ് 'എന്റെ ഐ.എ.എസ്. ദിനങ്ങൾ' എന്ന മലയാറ്റൂർ രചന. ആ കൃതി ഖണ്ഡശ: പ്രസിദ്ധീകരിച്ച വാരികയാണ് അതിനെ സർവ്വീസ് സ്റ്റോറി എന്ന് വിശേഷിപ്പിച്ചത്.. മലയാറ്റൂരിന്റെ പ്രശസ്തി 'സർവ്വീസ് സ്റ്റോറി'യെ ആത്മകഥയുടെ ഒരു ശാഖയാക്കി മാറ്റി.

ആ വഴി നടക്കാൻ പിന്നെ അനേകർ ഉണ്ടായി. ഏഴ് പതിപ്പുകളിലൂടെ ഏറ്റവും കൂടുതൽ വായിക്കപ്പെട്ട സർവ്വീസ് സ്റ്റോറി ആയ 'കഥ ഇതുവരെ'യും ആദ്യപതിപ്പ് പോലും വിറ്റുതീരാത്ത കഥകളും ഉൾപ്പെടെ ധാരാളം കൃതികൾ ഇക്കാലയളവിൽ പുറത്തുവരികയും ചെയ്തു.

സർവ്വീസ് സ്റ്റോറിയിൽ വായിക്കപ്പെടുന്നത് പൊതുജനങ്ങൾക്ക് സാമാന്യേന അപരിചിതമായ മേഖലകളിലേക്ക് അവ വെളിച്ചം വീശുന്നതിനാലാണ്. ഈയിടെ സർവ്വീസിൽ ഉള്ള ഒരു ഉദ്യോഗസ്ഥൻ ഒരു പുസ്തകത്തിലൂടെ ശിക്ഷാനടപടിക്ക് ക്ഷണക്കത്ത് നൽകിയിട്ടുണ്ട്; ക്ഷണം സ്വീകരിക്കപ്പെടുമോ എന്ന് പറയാറായിട്ടില്ലെങ്കിലും ആ പുസ്തകം വ്യാപകമായി വായിക്കപ്പെടും എന്നതിൽ സംശയം വേണ്ട. സമകാലസംഭവങ്ങളാണല്ലോ പ്രതിപാദ്യം. പെൻഷനായതിന് ശേഷം എഴുതുമ്പോൾ കൂടുതൽ രാജ്യഗ്രാഹ്യവിവേചനം വേണ്ടതുണ്ട്. അത് സർവ്വീസ് ചട്ടങ്ങളുടെ ഏലുകകൾ കാക്കാനല്ല. സംഭവം നടന്ന് അനേകവർഷങ്ങൾ കഴിഞ്ഞിരിക്കുന്ന സ്ഥിതി വായനക്കാരിൽ ഭൂരിപക്ഷത്തിനും ഗ്രന്ഥകാരനുള്ളത്ര സജീവമായ ഓർമ്മ ഇല്ല എന്ന അവസ്ഥ സൃഷ്ടിക്കുന്നതാണ് പ്രശ്നം. ആ സംഭവങ്ങൾ ഓർത്തെടുക്കുന്നതിൽ തെറ്റില്ല. എന്നാൽ അവ നടന്ന കാലത്ത് ജനിച്ചിട്ടില്ലാതിരുന്നവർക്കും വായിക്കാൻ തോന്നുന്ന രീതിയിൽ വേണം അവ അവതരിപ്പിക്കുവാൻ. അവിടെയാണ് സർവ്വീസ് സ്റ്റോറിയുടെ 'ക്രാഫ്റ്റ്' പ്രസക്തമാകുന്നത്.

ശ്രീമാൻ വി. രാജശേഖരൻ എഴുതിയ 'വെള്ളക്കെട്ടിടത്തിലെ വെള്ളാനകൾക്കൊപ്പം' എന്ന കൃതി അത്യന്തം പാരായണക്ഷമമായ ഒരു രചനയാണ്. സർവ്വീസ് വിശേഷങ്ങളിലേക്ക് കടക്കുന്ന

തിന് മുൻപ് തന്നെ രാജശേഖരൻ ഒരു നിരീക്ഷകനും ഒരു എഴുത്തുകാരനും ആണ് എന്ന് നമുക്ക് ഗ്രഹിക്കാം.

സാൻഫ്രാൻസിസ്‌ക്കോയിൽ മകളുടെ വീട്ടിൽ എത്തുന്ന കഥ പറയുമ്പോൾ നിരീക്ഷകന്റെ മനസ്സും എഴുത്തുകാരന്റെ പേനയും നമുക്ക് കാണാൻ കഴിയുന്നുണ്ട്. എന്നാൽ രചന കവിതയായി മാറുന്നത് സ്വന്തം നാടിനെക്കുറിച്ച് പറയുമ്പോഴാണ്. മുതുകളം ചില്ലറക്കാരുടെ സ്ഥലമല്ല എന്ന് നമുക്കൊക്കെ അറിയാം. എന്നാൽ മുതുകുളത്തെക്കുറിച്ച രാജൻ എഴുതിയിട്ടുള്ളത് ആ നാട്ടിൻപുറത്തിന്റെ നന്മയെക്കുറിച്ചും വശ്യചാരുതയെക്കുറിച്ചും ചിന്തിക്കാൻ കൂടുതൽ പ്രേരണ നൽകുന്നതാണ്. മുതുകുളം രാഘവൻപിള്ളയും മുതുകുളം പാർവ്വതിയമ്മയും മുതുകുളം സുകുമാരനും മുതുകുളമുദ്ര പേരിൽ ചാർത്താത്ത പത്മരാജനും അ.. ശങ്കരപ്പിള്ളയും മഹാദേവൻതമ്പിയും ഒക്കെ പരാമർശിക്കപ്പെടുമ്പോൾ ആ നാടിന്റെ പുണ്യത്തെക്കുറിച്ചാണ് നാം ഓർക്കുക. വി. കെ. രമേശ്, ഹരികൃഷ്ണൻ, കൃഷ്ണകുമാരൻ തമ്പി എന്നീ സഹപ്രവർത്തകർക്ക് അന്ത്യാഞ്ജലി അർപ്പിക്കുമ്പോൾ അവരെയൊക്കെ അറിയുമായിരുന്ന അസ്മാദൃശന്മാരുടെയും കണ്ണുകൾ ഈറനണിഞ്ഞു.

അതോടൊപ്പം പൊക്കിളോളം തൂങ്ങിയ മുലകൾ ഉണ്ടായിരുന്ന മന്തിത്തട്ടാത്തിയാണ് വാർത്താവിതരണരംഗത്തെ ആദ്യപാഠങ്ങൾ പഠിപ്പിച്ചത് എന്നും 'തട്ടാത്തി' റേഡിയോ ഇല്ലാത്ത അക്കാലത്ത് വലിയ ആശ്വാസമായിരുന്നു എന്നും വായിക്കുമ്പോൾ രാജന്റെ നർമ്മരസം നമുക്ക് പുഞ്ചിരി പകരുന്നു. എള്ളുകണ്ടത്തിന്റെ സൗന്ദര്യമാകട്ടെ ഗ്രന്ഥകാരനിലെ കാല്പനിക കവിയെ ഉണർത്തുന്നതിനായി നമുക്ക് അനുഭവപ്പെടുകയും ചെയ്യുന്നു.

ആറാട്ടുമുണ്ടൻ, പൂന്തുറസ്വാമി, മായിഅമ്മ തുടങ്ങിയവർ മുതൽ സ്വന്തം ഗുരുക്കന്മാരായ എം.പി. മന്മഥൻ, എം. ശിവറാം വരെ ഉള്ളവരെ രേഖാചിത്രങ്ങൾ രാജൻ അയത്നലളിതമായി അക്ഷരങ്ങൾ കൊണ്ട് നിർമ്മിച്ചിരിക്കുന്നു. മദ്യവിരുദ്ധനായ മന്മഥൻസാറിന്റെയും ജേർണലിസം പഠിപ്പിക്കുന്നതിനിടെ പച്ചവെള്ളം എന്ന മട്ടിൽ വോഡ്ക മോന്തി തൊണ്ട നനച്ചിരുന്ന ശിവറാമിന്റെയും ചിത്രങ്ങൾ മനസ്സിൽനിന്ന് എളുപ്പത്തിൽ മറയുകയില്ല.

പബ്ലിക് സർവ്വീസ് കമ്മീഷണർ വഴി പബ്ലിക് റിലേഷൻസ് വകുപ്പിൽ ചേരുന്നത് പറയുമ്പോൾ മുതൽ അവസാനം വരെ രാജശേഖന് തോട്ടം രാജശേഖരന്റെ മട്ടാണ്. ശത്രുസംഹാരത്തിന് ഒരേ ലൈൻ. എന്നാൽ ഒപ്പം ഒരുപാട് നല്ല സംഗതികൾ പറഞ്ഞു പോകുന്നുണ്ട്.

ഇടുക്കിയിൽ ആയിരുന്നു രാജന്റെ ആദ്യനിയമനം. അയ്യയ്യോ എന്ന് കളക്ടർ വിളിച്ചിരുന്ന സ്നേഹം മാത്രം കൈമുതലായ ഇടുക്കി ഇൻഫർമേഷൻ ഓഫീസർ ചന്ദ്രശേഖരൻ നായർ പോയതിന് ശേഷം ആയിരുന്ന രാജൻ എത്തിയത് എന്ന് തോന്നുന്നു. ജി. വിവേകാനന്ദൻ, തോട്ടം രാജശേഖരൻ, ടി.കെ.സി. വടുതല, കെ. അശോകൻ, എൻ. മോഹനൻ എന്നിവർ പീയാർഡി നയിച്ചിരുന്ന കാലം. അവരിൽ നിന്ന് പഠിച്ച നല്ല കാര്യങ്ങൾ അക്കമിട്ട് പറയുന്നില്ലെങ്കിലും അക്ഷരങ്ങൾക്കിടയിൽ അവരോടുള്ള ആദരവ് വ്യക്തമായി കാണാം.

ചില വാക്യങ്ങളിൽ ഗ്രന്ഥകർത്താവ് പ്രകടിപ്പിക്കുന്ന ശക്തി ഭാഷാകുതുകികൾ ശ്രദ്ധിച്ചു പോകും. തോട്ടം രാജശേഖരനെക്കുറിച്ച് പറയുന്നത് കാണുക. 'മാന്യരിൽ മാന്യനായ ദേഹമാണ്. അഴിമതി അടുത്തുകൂടെ പോലും പോയിട്ടില്ല'. എന്നീ സാധാരണവാക്യങ്ങൾ കഴിഞ്ഞാൽ നാം വായിക്കുന്നത് അസാധാരണമായ ആശയപ്രസാരണശേഷി സുവ്യക്തമായ രണ്ട് വാക്യങ്ങൾ ആണ്. അതിങ്ങനെ: 'അദ്ദേഹത്തിന് ശരിയാണെന്ന് തോന്നുന്നതിൽ ഉറച്ചുനിൽക്കും. മറ്റുള്ളവരുടെ ശരി തെറ്റുകൾ അദ്ദേഹത്തിന്റെ ഒറ്റയാൻ ശരിയോട് പലപ്പോഴും യോജിച്ചിരുന്നില്ല.' ഇതിനെക്കാൾ കൃത്യവും ഹ്രസ്വവുമായി തോട്ടം രാജശേഖരനോ നിർവ്വചിക്കാൻ കഴിയുകയില്ല.

സർവ്വീസിന്റെ അവസാനനാളുകളിൽ മാത്രം രാജശേഖരനെ അറിഞ്ഞിട്ടുള്ളവർക്ക് ഊഹിക്കാനാവാത്ത നേട്ടങ്ങളാണ് ആദ്യപാതിയിൽ അദ്ദേഹം കൈവരിച്ചത്. അതൊക്കെ പറയുന്ന കൂട്ടത്തിൽ കക്കൂസിൽ വീണ് സ്വയം നാറ്റക്കേസായി കഥയും ആവർത്തിക്കുന്നുണ്ട്. അവിടെയും ഒരു കവിയുണ്ട്. മുറിയിലെത്തി അംഗപ്രത്യംഗം പല ആവർത്തി കഴുകി സ്പ്രേ അടിച്ചിട്ടും മണം 'എന്റെ' മൂക്കിൽ തങ്ങിനിന്നിരുന്നു'.

അതിപ്രഗത്ഭനായ ഒരു ഉദ്യോഗസ്ഥന്റെ സേവനം സംസ്ഥാനത്തിന് നഷ്ടമായ കഥയാണ് ഈ പുസ്തകത്തിന്റെ ബാക്കിപത്രം. എല്ലാ പ്രതിബന്ധങ്ങളെയും തട്ടിമാറ്റി അശ്വമേധത്തിന് അഴിച്ചുവിട്ട കുതിരയെ പോലെ അജയ്യനായി വിരാജിച്ചിരുന്ന ഒരുദ്യോഗസ്ഥൻ അർഹിക്കുന്നതായിരുന്നില്ല രാജശേഖരന്റെ സർവ്വീസിന്റെ ഉത്തരാർദ്ധം പൊതുവെയും അന്ത്യപാദം വിശേഷിച്ചും. രാജശേഖരന്റെ ജാതകം പരിശോധിച്ചാൽ മാത്രമേ ഈ വിധിവിപര്യയത്തിന് വിശദീകരണം ലഭിക്കാൻ സാധ്യതയുള്ളൂ. അങ്ങനെ ഒരു യത്നത്തിൽ രാജന് പോലും കൗതുകം ഉണ്ടാകാനിടയില്ലല്ലോ. ഈ വൈകിയ വേളയിൽ.

പീയാർഡിക്കും സർക്കാരിനും പുറത്തുള്ള വായനക്കാർക്ക് ചില സംഗതികൾ വേണ്ടത്ര വ്യക്തമായി ഗ്രഹിക്കാനാവണമെങ്കിൽ ചിലയിടങ്ങളിൽ അറ്റകുറ്റപ്പണി വേണ്ടിവരും എന്നതൊഴിച്ചാൽ വായിച്ചുതുടങ്ങിയാൽ താഴെ വയ്ക്കാനാവാത്തവണ്ണം മനോഹരമാണ് ഈ പുസ്തകം എന്ന് സാക്ഷ്യപ്പെടുത്തുന്നു. നടരാജാദി 'ശത്രു'ക്കളോട് അല്പം കൂടെ കരുണ കാട്ടാമായിരുന്നു എന്ന് പറയാതെ തന്നെ ശുദ്ധമനസ്ക്കനായ ഒരു പച്ചമനുഷ്യനെ തൊട്ടറിയാൻ പോന്നതാണ് രാജന്റെ ശൈലി എന്നും കൂടെ പറയാതെ വയ്യ. അകൃത്രിമം, ലളിതം, സുന്ദരം, ശുഭമസ്തു.

ശ്രീ. രാജശേഖരൻ – 0471 2344478
ഡി. ബാബുപോൾ, ചീരോത്തോട്ടം, കവടിയാർ, തിരുവനന്തപുരം.